ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ കീഴിൽ പാലക്കാട് ജില്ലാ കോടതിയുടെ മേൽ നോട്ടത്തിൽ പ്രവർത്തിച്ചുവരുന്നകോടതിയാണ് കുടുംബകോടതി, പാലക്കാട് വിവാഹമോചനം, കുട്ടികളുടെ സംരക്ഷണം, സ്വത്ത് തർക്കം, കുട്ടികളെ ദത്തെടുക്കൽ, ചെലവ് വഹിക്കൽ തുടങ്ങിയവ കുടുംബകോടതിയുടെ കീഴിൽ വരുന്ന നടപടി ക്രമങ്ങൾ ആണ് .പാലക്കാട്, ചിറ്റൂർ, ആലത്തൂർ എന്നീ താലൂക്ക് പരിധിയിൽ വരുന്ന എല്ലാ കുടുംബപരമായ കേസുകളും പാലക്കാട് കുടുംബ കോടതിയുടെ അധികാരപരിധിയിൽ വരുന്നതാണ്. ഈ കോടതിയിൽ ജില്ലാ ജഡ്ജിയുടെ തസ്തികയിലുള്ള ഒരു ന്യായാധിപനാണ് കോടതി നടപടികൾ നടത്തി വരുന്നത്. ഈ ന്യായാധികാരിയെ ബഹുമാനപ്പെട്ട ഹൈക്കോടതിയാണ് നിയമിക്കുന്നത്. ഈ കോടതിയിലെ ഭരണപരമായ കാര്യങ്ങൾ ചീഫ് മിനിസ്റ്റീരിയൽ ഓഫീസർ (ശിരസ്തദാർ) ബഹു.ന്യായാധിപന്റെ നിർദേശപ്രകാരം നിർവഹിച്ചു വരുന്നു . കുടുംബകോടതിയിലെ പ്രവർത്തനങ്ങൾ ഫാമിലി കോർട്ട് ആക്ട്, ഹിന്ദു മാര്യേജ് ആക്ട്, ഗാർഡിയൻ ആൻഡ് വാർഡ്സ് ആക്ട് പ്രകാരം ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദേശങ്ങൾക്കും സർക്കുലറുകൾക്കും അനുസൃതമായി ബഹുമാനപ്പെട്ട ജില്ലാ കോടതിയുടെ നിർദേശങ്ങൾക്കനുസരിച്ചു ദൈനംദിന കാര്യങ്ങൾ നിർവഹിച്ചു വരുന്നു..

## ഓഫീസറുടെയും ജീവനക്കാരുടെയും പ്രവർത്തനവും അധികാരപരിധിയും

ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ വിവിധ സിർക്കുലറുകൾക്കും മാന്വൽ ഓഫ് ഓഫീസ് പ്രൊസീജറുകൾക്കും (എം .ഒ .പി) കെ.എസ്.ആർ. കേരള അക്കൗണ്ട് കോഡ്, കേരള ഫിനാൻഷ്യൽ കോഡ്, കേരള ട്രഷറി കോഡ്, എന്നിവക്ക് അനുസൃതമായിട്ടാണ് ഈ കോടതിയിലെ ഓഫീസറും ജീവനക്കാരും പ്രവർത്തിച്ചു വരുന്നത് .

## തീരുമാനമെടുക്കുന്ന പ്രക്രിയയുടെ നടപടി ക്രമവും മാധ്യമവും മേൽ നോട്ടവും ഉത്തരവാദിത്വവും

തീരുമാനമെടുക്കുന്ന പ്രക്രിയയുടെഅടിസ്ഥാനത്തിൽ ക്ലർക്കുമാർ ഫയലുകൾ തയാറാക്കുകയും ചീഫ് മിനിസ്റ്റീരിയൽ ഓഫീസർ അത് പരിശോധിച്ചു ബഹു. ന്യായാധിപൻ മുൻപാകെ സമർപ്പിക്കുകയും ചെയ്യുന്നു . ചീഫ് മിനിസ്റ്റീരിയൽ ഓഫീസറെ ബഹു . ന്യായാധിപൻ ഭരണപരമായ കാര്യങ്ങൾ നോക്കി നടത്തുവാൻ അധികാരപ്പെടുത്തുകയും സമയാ സമയങ്ങളിൽ വേണ്ട മാർഗനിർദേശങ്ങൾ നൽകുകയും ചെയ്യുന്നു..

## കുടുംബ കോടതിയിലെ കോടതി പ്രവർത്തനങ്ങൾക്ക് വേണ്ടി നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ

ഈ കോടതിയുടെ പ്രവർത്തനങ്ങൾ വിവിധ നിയമങ്ങൾക്കും ഉത്തരവുകൾക്കും വിധേയമായി പ്രവർത്തിച്ചു വരുന്നു . ബഹു. ന്യായാധിപന്റെ മേൽ നോട്ടത്തിൽ ചീഫ് മിനിസ്റ്റീരിയൽ ഓഫീസറുടെ കീഴിൽ ഓരോ ജീവനക്കാരും അവരവരുടെ ജോലികൾ

കൃത്യമായി നിർവഹിച്ച വരുന്നു . കാലാകാലങ്ങളിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയും ജില്ലാകോടതിയും പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കും നിർദേശങ്ങൾക്കും അനുസരിച്ച കോടതിയുടെ പ്രവർത്തനങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി പ്രവർത്തിച്ച വരുന്നു..

## കുടുംബ കോടതിയിലെ ഭരണപരമായ കാര്യങ്ങൾ

1.കേരള സർവീസ് റൂൾ

2.കേരള സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് റൂൾ

3.കേരള സിവിൽ സർവീസ് (ക്ലാസ്സിഫിക്കേഷൻ കൺട്രോൾ ആൻഡ് അപ്പീൽ) റൂൾ

4.കേരള ജുഡീഷ്യൽ മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവീസ് റൂൾ

5.ദി സ്പെഷ്യൽ റൂൾ ഫോർ കേരള ലാസ്റ്റ് ഗ്രേഡ് സെർവന്റ്

6.ലോ റിലേറ്റിങ് ടു സിവിൽ സർവീസ് ഇൻ കേരള

7.റൈറ്റ് ടു ഇൻഫർമേഷൻ ആക്ട് 2005

8.കേരള ഗവൺമെന്റ് സെർവന്റ്സ് കോൺടാക്ട് റൂൾ 1960

9. മാന്വവൽ ഓഫ് ഓഫീസ് പ്രോസിജർ (MOP )

10.ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ വിവിധ സർക്കുലറുകൾ

## കുടുംബകോടതിയുടെ കൈവശത്തിലും നിയന്ത്രണത്തിലുമുള്ളതുമായ വിവിധ രേഖകൾ

1 നിലവിലുള്ളതും തീർപ്പ കല്പിച്ചതുമായ കേസുകളുടെ പ്രമാണകളും രേഖകളും.

2 കുടുംബകോടതി പുറപ്പെടുവിച്ചിട്ടുള്ള വിധിന്യായവും ഓർഡറുകളും

3 ഭരണപരമായ രേഖകളും പ്രമാണകളും

4 മറ്റു കോടതിയിൽ നിന്നും ലഭിച്ചിട്ടുള്ള രേഖകളും പ്രമാണകളും

## നയങ്ങൾ രൂപീകരിക്കുന്നതിനും അത് നടപ്പിലാക്കുന്നതിനും വേണ്ടി പൊതു ജനങ്ങളോ അവരുടെ പ്രതിനിധികളുമായോ കൂടിയാലോചിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ.

പൊതുജനങ്ങളുമായോ അവരുടെ പ്രതിനിധികളുമായോ കൂടിയാലോചിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ നിലവിലില്ല.

## നിർദേശങ്ങളും ഉപദേശങ്ങളും ലഭിക്കുന്നതിന് വേണ്ടി രണ്ടോ അതിൽ കൂടുതൽ അംഗങ്ങളെ ഉൾപ്പെടുത്തി രൂപീകരിച്ച കമ്മിറ്റിയുടെയും ബോർഡുകളുടെയും വിവരങ്ങൾ

1 ഇൻേറണൽ  കംപ്ലൈൻറ്സ് കമ്മിറ്റി കോൺസ്റ്റിട്യൂറ്റഡ്  അണ്ടർ ദി സെക്ഷ്വൽ ഹരാസ്സ്മെന്റ് ഓഫ് വുമൺ അറ്റ് വർക്ക് പ്ലേസ്  (പ്രിവെൻഷൻ പ്രൊഹിബിഷൻ റെഡ്‌റെസ്സൽ   ആക്ട് 2013 ) ഇതിൽ ചെയർപേഴ്സണും എൻ .ജി .ഒ .യും ഓഫീസ് സ്റ്റാഫുകളെയും  ഉൾപ്പെടുത്തി ആറ് അംഗങ്ങളാണുള്ളത് .

## ഓഫീസറുടെ പേര് വിവര പട്ടിക

| സീരിയൽ നമ്പർ | ഉദ്യോഗപ്പേര് | പേര് | ഫോൺ |
|---|---|---|---|
| 1. | ജഡ്ജ് | Denny.C.J | ഓഫീസ് :<br>0491 2552500<br><br>Residence:<br>0491 2503303<br>Mob:<br>9349625684 |

## ഓഫീസിൽ മേധാവിയും ജീവനക്കാരും കൈപറ്റി വരുന്ന മാസവേതനകളുടെ വിവരങ്ങൾ

ഓഫീസ് മേധാവിയുടെയും ജീവനക്കാരുടെയും മാസ വേതനം വാർഷിക ഇൻക്രിമെൻറിനനുസരിച്ച് മാറുന്നതു കൊണ്ടും  ക്ഷാമബത്ത കാലാ  കാലങ്ങളിൽ ഗവണ്മെന്റ് കൂട്ടി നല്കുന്നതുകൊണ്ടും, ഓരോ ജീവനക്കാരുടെയും, ഓഫീസ് മേധാവിയുടെയും മാസവേതനവിവരങ്ങൾ നൽകുവാൻ സാധിക്കുകയില്ല. ഈ കോടതിയിൽ അനുവദിച്ചിട്ടുള്ള ജീവനക്കാരുടെ എണ്ണവും അവരുടെ ശമ്പള നിരക്കും ഇതിനോടപ്പമുള്ള അനുബന്ധം എ യിൽ പ്രസിദ്ധികരിച്ചിട്ടുണ്ട് .

# Annexure A

## FAMILY COURT PALAKKAD

| Sl. No | Division | Sub Division | Category No. | Name of post | Total Strength | Scale of Pay | Special Allowance | Compensatory Allowance | Remarks |
|---|---|---|---|---|---|---|---|---|---|
| 1 | | | | Judge | 1 | 51550-63070 | | | |
| 2 | | | | Sheristadar | 1 | 56500-118100 | | | |
| 3 | | | | Principal Counsellor | 1 | 55200-115300 | | | |
| 4 | | | | Clerk/ Senior Clerks | 9 | 35600-75400 | | | |
| 5 | | | | Confidential Assistant Grade II | 4 | 35600-75400 | 660 | | |
| 6 | | | | Selection Gr.Typist | | 39300-83000 | 200 | | |
| 7 | | | | Senior Gr.Typist | | 37400-79000 | | | |
| 8 | | | | LD Typist | | 26500-60700 | | | |
| 9 | | | | Attender Gr.II | 1 | 24400-52600 | 250 | | |
| 10 | | | | Driver Gr.I | 1 | 27900-63700 | 220 | | |
| 11 | | | | Court Keeper | 1 | 23700-52600 | 200 | | |
| 12 | | | | Duffedar | 1 | 23700-52600 | 140 | | |
| 13 | | | | Office Attendant | 3 | 23000-50200 | 200 | | |
| 14 | | | | Amin | 2 | 25100-57900 | 170 | | |
| 15 | | | | Process Server | 5 | 24400-55200 | 170 | | |
| 16 | | | | Part Time Sweeper | 1 | 13000-21080 | | | |

# പദ്ധതി വിഹിതവും ചിലവും

2022-23 സാമ്പത്തിക വർഷത്തിലേക്ക് ബഹു. കേരള ഹൈക്കോടതിയിൽ നിന്നും ഈ കോടതിയിലേക്ക് അനുവദിച്ച് തന്നിട്ടുള്ള തുകയും അവയുടെ 31.07.2022 വരെയുള്ള ചെലവുകളുടെ വിവരങ്ങളും ഇതിനോടപ്പമുള്ള അനുബന്ധം ബി യിൽ പ്രസിദ്ധികരിച്ചിട്ടുണ്ട്.

Annexure-B

| Head of Account | | Detailed Head | Budget Amount (Rs) | Expenditure till 31-7-18 |
|---|---|---|---|---|
| 2014-00-117-99-00-01-NV | Salaries | Pay | 1,462,261 | 56,38,677 |
| 2014-00-117-99-00-01-02-NV | Salaries | Dear Allowance | 3,81,769 | 7,07,375 |
| 2014-00-117-99-00-01-03-NV | Salaries | House Rent Allowance | 89,117 | 4,12,249 |
| 2014-00-117-99-00-01-04-NV | Salaries | Medical Reimbursement | -------- | ------ |
| 2014-00-117-99-00-01-05-NV | Salaries | Other Allowance | 38,231 | 1,14,559 |
| 2014-00-117-99-00-02-01-NV | 02 Wages | Pay | 14,834 | 57,610 |
| 2014-00-117-99-00-02-02-NV | 02 Wages | DA | 3,295 | 4,032 |
| 2014-00-117-99-00-02-03-NV | 02 Wages | HRA | 333 | ------- |
| 2014-00-117-99-00-02-05-NV | 02 Wages | Other Allowance | ------- | ------ |
| 2014-00-117-99-00-04-01-NV | Tavel Expenses | Tour T A | ------- | ------ |
| 2014-00-117-99-00-04-02-NV | Tavel Expenses | Tansfer TA | 55,320 | 55,320 |
| 2014-00-117-99-00-05-01-NV | Office Expenses | Water Charge | 3,000 | 1,859 |
| 2014-00-117-99-00-05-02-NV | Office Expenses | Electricity Charge | 30,000 | 19,795 |
| 2014-00-117-99-00-05-03-NV | Office Expenses | Telephone Charge | 27,000 | 16,103 |
| 2014-00-117-99-00-05-04-NV | Office Expenses | Other items | 36,055 | 35,048 |
| 2014-00-117-99-00-06-00-NV | | Rent Rates and Taxes | 1,44,720 | 1,44,720 |

| | | | | |
|---|---|---|---|---|
| 2014-00-117-99-00-21-02NV | | Repair & Maintenance | 36,750 | 21,750 |
| 2014-00-117-99-00-45-00NV | | POL | 9,000 | 6,710 |

## ജനസഹായ പദ്ധതികൾ നടപ്പിൽ വരുത്തുന്നതും പദ്ധതി വിഹിതം ഗുണഭോക്താക്കളും

കുടുംബ കോടതി യാതൊരു വിധ ജന സഹായ പദ്ധതികളും നടപ്പിലാക്കുന്നില്ല.

## കുടുംബ കോടതി അനുവദിച്ചിട്ടുള്ള ഇളവുകളുടെയും അവയുടെ ഗുണഭോക്താക്കളുടെയും വിവരങ്ങൾ

ഈ കോടതിയിൽ ലഭ്യമല്ല .

## പൊതു ജനാവശ്യത്തിനായി പൊതു ജനങ്ങൾക്ക് വിവരങ്ങൾ നൽകുവാൻ വേണ്ടി വായനശാലയോ ലൈബ്രറിയോ ഉണ്ടെങ്കിൽ അവയുടെ വിവരം

പൊതു ജനാവശ്യത്തിനായി ലൈബ്രറിയോ വായനശാലയോ പ്രവർത്തിക്കുന്നില്ല . പൊതു ജനങ്ങൾക്ക് കേസുകളുടെ നിലവിലുള്ള സ്ഥിതി ഇ -കോർട്ട് വെബ് സൈറ്റ്ലൂടെയും, ഇ-സർവീസ് മൊബൈൽ ആപ്പിലൂടെയും നോക്കി മനസിലാക്കാവുന്നതാണ്.

## ഇലക്ട്രോണിക് രൂപത്തിലേക്ക് മാറ്റിയതിനുശേഷം കുടുംബ കോടതിയുടെ കൈവശമുള്ളതും ലഭ്യവുമായ വിവരങ്ങൾ

ഈ കോടതി ആരംഭിച്ച 07.01.2006 മുതലുള്ള എല്ലാ കുടുംബ പരമായ കേസുകളുടെ വിധിന്യായത്തിന്റെയും ഓർഡറുകളുടെയും കോപ്പി ഇ -കോർട്ട് വെബ് സൈറ്റിൽ കാണാവുന്നതാണ്. അതുപോലെ എല്ലാ കേസുകളുടെയും ഇന്നു വരെയുള്ള പ്രോസിഡിങ്സും കാണാവുന്നതാണ് .

## പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെയും അപ്പലേറ്റ് അധികാരിയുടെയും പേരും ഉദ്യോഗപ്പേരും മറ്റുവിവരങ്ങളും

| സീരിയൽ നമ്പർ | ഉദ്യോഗപ്പേര് | പേര് |
|---|---|---|
| 1 | പബ്ലിക് ഇൻഫർമേഷൻ ഓഫീസർ | ശ്രീമതി. മിനി ജോൺ<br>സീനിയർ ക്ലർക്ക് ,<br>കുടുംബകോടതി, പാലക്കാട്<br>ഫോൺ : 0491 2552500 |
| 2 | അപ്പലേറ്റ് അതോറിറ്റി | ശ്രീമാൻ .വിനോദ് .എ.എൻ,<br>ശിരസ്താദാർ,<br>കുടുംബകോടതി, പാലക്കാട്<br>ഫോൺ : 0491 2552500 |

## കോടതിയുടെ പ്രവർത്തന സമയം

എല്ലാ സർക്കാർ പ്രവൃത്തി ദിവസങ്ങളും കോടതി ഓഫീസ് പ്രവർത്തന സമയം രാവിലെ 10 മണി മുതൽ വൈകിട്ട് 5 മണിവരെയും ഉച്ചഭക്ഷണത്തിനുള്ള സമയം 1.15 മണി മുതൽ 2 മണിവരെയും ആണ് .

ബഹുമാനപ്പെട്ട കേരള ഹൈക്കോടതി നിഷ്കർഷിച്ചിട്ടുള്ള അവധി ദിവസങ്ങളിലും ഗവണ്മെന്റ് കലണ്ടറിലെ അവധി ദിവസങ്ങളിലും കോടതി പ്രവർത്തിക്കുന്നതല്ല.

കോടതി വിലാസവും മറ്റു വിവരങ്ങളും.

Family Court,

Olavakkode P.O.,

Palakkad.

Pin: 678 002

Office Phone : 0491 2552500

Email : fcourtpkd@kerala.gov.in

Taluk :Palakkad.

District : Palakkad.

30/8/22

Judge

Family Court, Palakkad.